പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2378 **27-10-2026-ൽ മറുപടിയ്ക്ക്**

പവർകട്ടും വൈദ്യുതി നിയന്ത്രണവും പൂർണ്ണമായി ഒഴിവാക്കുന്നതിനുള്ള കർമ്മപദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. കെ. സനോജ്

ശ്രീ. കാരായി രാജൻ

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. എൻ. കെ. അക്ബർ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാർ ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണത്തിലൂടെ വൈദ്യുതി പ്രതിസന്ധി ഒഴിവാക്കിയ സ്ഥാനത്ത്, ഇപ്പോൾ കൈമാറ്റ വ്യവസ്ഥയിലൂടെ ലഭിക്കുന്ന അധിക വൈദ്യുതിയെ മാത്രം ആശ്രയിച്ച് മുന്നോട്ടുപോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

മറുപടി: മുൻവർഷങ്ങളെ അപേക്ഷിച്ച് വൈദ്യുതി ആവശ്യകതയിലും ഉപഭോഗത്തിലുമുണ്ടായ അസാധാരണമായ വർധനവും, ജലവൈദ്യുതി ഉൽപാദനത്തിലുണ്ടായ ഗണ്യമായ കുറവും, ദേശീയ വൈദ്യുതി വിപണിയിൽ ആവശ്യത്തിന് അധിക വൈദ്യുതി ലഭ്യമാകാതിരുന്നതുമാണ് 2026-ൽ സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്നതിന്റെ പ്രധാന കാരണങ്ങൾ.

കഴിഞ്ഞ പത്ത് വർഷങ്ങളിൽ ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ കേരളത്തിലെ പരമാവധി വൈദ്യുതി ആവശ്യകത പൊതുവെ 3500 മുതൽ 4500 മെഗാവാട്ട് വരെയായിരുന്നു. 2025 സെപ്റ്റംബറിൽ പരമാവധി ആവശ്യകത 4480 മെഗാവാട്ട് ആയിരുന്നെങ്കിൽ, 2026 സെപ്റ്റംബറിൽ പരമാവധി വൈദ്യുതി ആവശ്യകത 5639 മെഗാവാട്ട് വരെയായി ഉയർന്നിരുന്നു. കഴിഞ്ഞ പത്ത് വർഷത്തിനിടയിലെ സെപ്റ്റംബർ മാസത്തെ ഏറ്റവും ഉയർന്ന ആവശ്യകതയാണിത്.

ദീർഘകാല കരാർവഴി ലഭ്യമായിക്കൊണ്ടിരുന്ന 465 മെഗാവാട്ട് വൈദ്യുതി കരാറുകൾ റദ്ദാക്കപ്പെട്ടതും 2026 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പിന്നീട് (2026 ജൂലൈ മുതൽ സെപ്റ്റംബർ വരെ) തിരികെ നല്കാമെന്ന വ്യവസ്ഥയിൽ (SWAP Arrangement) വാങ്ങിയ വൈദ്യുതി തിരിച്ച് നല്കേണ്ട ബാധ്യതയും പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. ദീർഘകാല കരാറുകളിൽ 465 മെഗാവാട്ട് തുടർന്നും ലഭിച്ചിരുന്നു എങ്കിൽ സ്വാപ്പ് അറേഞ്ച്മെന്റ് മുഖേനയുള്ള വൈദ്യുതി ഏപ്രിൽ, മെയ് മാസങ്ങളിൽ വാങ്ങുന്നത് ഒഴിവാക്കുവാൻ കഴിയുമായിരുന്നു.

മുൻവർഷങ്ങളിൽ കെ.എസ്.ഇ.ബി.എൽ സാധാരണയായി കൈകാര്യം ചെയ്തിരുന്ന 4000 – 4400 മെഗാവാട്ട് ആവശ്യകതയുമായി താരതമ്യം ചെയ്യുമ്പോൾ 1200 മെഗാവാട്ടിലധികം അധിക വൈദ്യുതിയാണ് ആവശ്യമായി വന്നത്. മുൻവർഷങ്ങളിൽ ആഭ്യന്തര ഉൽപ്പാദനം, ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ, ദേശീയ വൈദ്യുതി വിപണിയിൽ നിന്നുള്ള അധിക വാങ്ങൽ എന്നിവയിലൂടെ ആവശ്യകത നിറവേറ്റാൻ കെ.എസ്.ഇ.ബി.എൽ-ന് സാധിച്ചിരുന്നു. എന്നാൽ 2026-ൽ വൈദ്യുതി ആവശ്യകത വർധിച്ച അതേ സമയത്ത്, സംസ്ഥാനത്തെ പ്രധാന ജലവൈദ്യുതി

ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന ഇടുക്കി ജില്ലയിൽ ഏകദേശം 56 ശതമാനം മഴക്കുറവ് അനുഭവപ്പെട്ടു. ഇതിന്റെ ഫലമായി പ്രതിദിന ജലവൈദ്യുതി ഉൽപ്പാദനം 41 ദശലക്ഷം യൂണിറ്റിൽ നിന്ന് ഏകദേശം 12 ദശലക്ഷം യൂണിറ്റായി കുറഞ്ഞു.

കൂടാതെ, എൽ-നിനോ ഉൾപ്പെടെയുള്ള പ്രതികൂല കാലാവസ്ഥാ സാഹചര്യങ്ങളും വിവിധ സംസ്ഥാനങ്ങളിൽ ഒരേസമയം വൈദ്യുതി ആവശ്യകത വർധിച്ചതും ദേശീയ വൈദ്യുതി വിപണിയിൽ വൈദ്യുതിയുടെ ലഭ്യതയെ സാരമായി ബാധിച്ചു. ഡേ എഹെഡ് മാർക്കറ്റ്, റിയൽ ടൈം മാർക്കറ്റ് എന്നിവയിലൂടെ അധിക വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി. ശ്രമിച്ചെങ്കിലും, നിർണായകമായ പീക്ക് സമയങ്ങളിൽ ആവശ്യമായ അളവിൽ വൈദ്യുതി ലഭ്യമായില്ല.

ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിനും തടസ്സമില്ലാത്ത വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിനുമായി ലഭ്യമായ എല്ലാ മാർഗങ്ങളിലൂടെയും അധിക വൈദ്യുതി സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആവശ്യത്തിന് വൈദ്യുതി ലഭ്യമാകാതെ വന്നിരുന്ന സാഹചര്യങ്ങളിൽ മുൻസർക്കാരിന്റെ കാലത്തും വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉപയോഗത്തിൽ അസാധാരണ വർധനവ് ഉണ്ടായില്ലെങ്കിൽ മാത്രമേ നിയന്ത്രണം ഒഴിവാക്കാൻ സാധിക്കൂ എന്ന കെ.എസ്.ഇ.ബി.യുടെ അറിയിപ്പ് സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയെയാണ് സൂചിപ്പിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(സി) ജനങ്ങളെയും വ്യവസായ മേഖലയെയും ആശങ്കയിലാക്കുന്ന തരത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന രീതി മാറ്റാൻ തയ്യാറാകുമോ;

<u>മറുപടി:</u> സെപ്റ്റംബർ മാസത്തിൽ ഹ്രസ്വകാല വൈദ്യുതി കരാറുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, പവർ എക്സ്ചേഞ്ചുകൾ മുഖേന Monthly Contract അടിസ്ഥാനത്തിൽ 292 മെഗാവാട്ട് വൈദ്യുതി കരാർ ചെയ്യുകയുണ്ടായി. കൂടാതെ കേന്ദ്ര ഉൽപാദന നിയലങ്ങളിൽ നിന്ന് 150 മെഗാവാട്ട് അധിക വിഹിതം സെപ്റ്റംബർ മുതൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, വൈദ്യുതി ആവശ്യകത കൂടുതലുള്ള ഈവനിംഗ് പീക്ക് സമയത്തെ അധിക വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും വൈദ്യുതി നിയന്ത്രണം പൂർണ്ണമായി ഒഴിവാക്കുന്നതിനുമായി, ഒക്ടോബർ മാസം മുതൽ DEEP ടെണ്ടറുകൾ മുഖേന കൂടുതൽ വൈദ്യുതി കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ ഒക്ടോബർ മാസത്തിലെ പീക്ക് സമയത്തെ ആവശ്യകത നിറവേറ്റുന്നതിനായി ഇടപെടലിലൂടെ ഹിമാചൽ പ്രദേശിൽ നിന്നും ബൈലാറ്ററൽ കോൺടാക്ട് വഴി 900 മെഗാവാട്ട് വരെ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ധാരണയും ഉണ്ടാക്കിയിട്ടുണ്ട്. നവംബർ, ഡിസംബർ മാസങ്ങളിൽ DEEP കോൺടാക്ട് വഴിയും പീക്ക് പവർ കോൺടാക്ടുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഇവയ്ക്ക് പുറമേ, ലഭ്യമായ ജലവൈദ്യുത പദ്ധതികളിലെ ഉത്പാദനം പീക്ക് സമയങ്ങളിൽ പരമാവധി പ്രയോജനപ്പെടുത്തുന്ന രീതിയിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെയെല്ലാം ഫലമായി ഒക്ടോബർ മാസം ഇതുവരെ വൈദ്യുതി നിയന്ത്രണം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. ഗ്രിഡ് ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിന് പുറത്തുനിന്നുള്ള വൈദ്യുതി കൈമാറ്റശേഷി (Power Transfer Capacity) വർദ്ധിപ്പിക്കുന്നതിനായി 400 കെ.വി കരിന്തളം സബ്സ്റ്റേഷൻ ഈ വർഷം ഡിസംബർ മാസത്തോടെ പ്രവർത്തനസജ്ജമാക്കും. ഇതിലൂടെ സംസ്ഥാനത്തേക്കുള്ള വൈദ്യുതി ഇറക്കുമതി ശേഷി ഗണ്യമായി വർദ്ധിക്കുകയും ഗ്രിഡിന്റെ സുരക്ഷയും പ്രവർത്തനക്ഷമതയും മെച്ചപ്പെടുകയും ചെയ്യും.

കൂടാതെ, ആഭ്യന്തര വൈദ്യുതി സംവിധാനത്തിന്റെ കാര്യക്ഷമതയും പീക്ക് സമയങ്ങളിലെ ലഭ്യതയും വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന വിവിധ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) പദ്ധതികളും ഈ വർഷാവസാനത്തോടെ ഉപയോഗത്തിനായി സജ്ജമാകും. ഈ പദ്ധതികൾ പ്രവർത്തന സജ്ജമാകുന്നതോടെ പീക്ക് സമയത്തെ വൈദ്യുതി ആവശ്യകത കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും ഗ്രിഡിന്റെ പ്രവർത്തന സ്ഥിരത മെച്ചപ്പെടുത്തുന്നതിനും സാധ്യമാകും.

കൂടാതെ, പവർകട്ടും വൈദ്യുതി നിയന്ത്രണവും പൂർണ്ണമായി ഒഴിവാക്കുക എന്ന് ലക്ഷ്യമിട്ടുകൊണ്ട് കെ.എസ്.ഇ.ബി വിവിധ വൻകിട/ചെറുകിട ജല വൈദ്യുത പദ്ധതികൾ, കാറ്റോർജ്ജം, സൗരോർജ്ജം പമ്പ്ഡ് സ്റ്റോറേജ്, ബാറ്ററി എനർജി സ്റ്റോറേജ് പദ്ധതികൾ നടപ്പിലാക്കി വരികയും വിഭാവനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) പവർകട്ടും വൈദ്യുതി നിയന്ത്രണവും പൂർണ്ണമായി ഒഴിവാക്കുന്നതിന് ആവശ്യമായ വൈദ്യുതി കണ്ടെത്താൻ സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതികൾ വിശദമാക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ